# Weekly Devotions- June 2017

# An Enemy of God

## (ദൈവത്തിന്റെ ശത്രു)




ലോക സ്നേഹത്തിന് മുൻഗണന നൽകുന്ന മനസ്സിൽ ദൈവസ്നേഹം കാണുകയില്ല. യാക്കോബ് (4:4) ൽ പറയുന്നു ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു എന്ന്. കാട്ടിൽ വസിക്കുന്ന മൃഗം കാട്ടിലെ മൃഗങ്ങളുടെ സ്വഭാവമാണ് കാട്ടുന്നത്. അതുപോലെ സാത്താന്റെ സ്നേഹിതർ അവന്റെ ശബ്ദം കേൾക്കുകയും ആ സ്വഭാവം കാട്ടുകയും ചെയ്യുന്നു. ഒരു ദൈവപൈതലിന് ജീവിത ലക്ഷ്യമുണ്ട് അതിനാൽ സാത്താന്യശബ്ദങ്ങൾ ശ്രദ്ധിക്കുവാൻ പാടില്ല. അറിയാതെ എപ്പോഴെങ്കിലും പ്രവേശിച്ച സാത്താന്യ ചിന്ത ദൈവീകചിന്തകളെ ഫലത്തിൽ ഇല്ലായ്മ ചെയ്യും. ഒരിക്കൽ ഒരു എക്സിബിഷൻ ഗ്രൗണ്ടിൽ സന്ദർശകർക്കായി ഒരു മത്സരം നടന്നു. കൊടുംവനത്തിലെ ചെറുതും വലുതുമായ സകല ശബ്ദങ്ങളും പ്രത്യേക ശക്തിയിൽ കേൾക്കത്തക്കവണ്ണം ക്രമീകരിച്ചു. ഒരു വാതിലിൽ കൂടി കടന്ന് മറുവാതിലിൽ കൂടി പുറത്തിറങ്ങുന്നവർക്ക് നല്ല പാരിതോഷികവും സംഘാടകർ പറഞ്ഞിരുന്നു. എന്നിട്ടും ശബ്ദം കേട്ട് മിക്കവരും പിൻമാറി. ഒരു ബാലൻ മാത്രമാണ് മത്സരം പൂർത്തിയാക്കി പ്രതിഫലം സ്വീകരിച്ചത്. " ഞാൻ ശബ്ദം കേട്ടില്ല , പാരിതോഷികമായിരുന്നു എന്റെ ഏക ചിന്ത " എന്ന് തന്നോട് ചോദ്യശരങ്ങൾ ഉയർത്തിയവർക്കുള്ള മറുപടിയും അവൻ നൽകി.

ഇന്ന് നാം എങ്ങോട്ട് തിരിഞ്ഞാലും ഭയപ്പെടുത്തുന്ന ശബ്ദങ്ങളേ കേൾക്കുവാൻ കഴിയുന്നുള്ളൂ. ഭയപ്പെടുന്ന നമ്മെ നോക്കി ഭയപ്പെടുത്തുന്നവൻ (സാത്താൻ) സന്തോഷിക്കുന്നു. ഈ സാഹചര്യത്തിൽ ആ ബാലനെപ്പോലെ നമുക്ക് പറയുവാൻ കഴിയുമോ , പ്രതിഫലമാണ് എന്റെ ലക്ഷ്യം . എന്റെ കൂടെയുള്ളവൻ ഏത് പ്രതികൂലത്തിലും കൂടെയുണ്ടെന്ന് , ആത്മീകമായി വളരുന്ന ഒരാൾക്കു മാത്രമേ **"നിത്യത"** എന്ന ലക്ഷ്യത്തെപ്പറ്റിയും , അവിടേക്കു നയിക്കുന്ന വഴികാട്ടിയെപ്പറ്റിയും അറിയുവാൻ കഴിയുകയുള്ളൂ. **എങ്ങനെ ആത്മീയ വളർച്ച ലഭ്യമാകുന്നു.**

ഒന്നാമതായി ആത്മീയ വളർച്ചയെ സഹായിക്കുന്ന ദൈവവചനം കേട്ട് ഗ്രഹിക്കുകയും പ്രമാണിക്കുകയും ചെയ്യണം. തുടർന്ന് വചനം കേട്ട് പ്രമാണിപ്പാൻ തക്കവണ്ണം സകലരോടും ലോകാവസാനത്തോളം അവ ഉപദേശിച്ച് കൊടുക്കുകയും വേണം.Read മത്താ: (28:19,20)

Look യോഹ (4:5-30)

ഈ വേദഭാഗത്ത് ഒരു ശമര്യ്യ സ്ത്രീയെ യേശു തന്നെ സാത്താന്റെ പിടിയിൽ നിന്നും (യോഹ: 4:6,18)വചനത്താൽ രക്ഷിക്കുന്നു. ദാഹജലം ആരാണ് തരുന്നതെന്നും ,ആരാധന എപ്രകാരം എവിടെ ആയിരിക്കണമെന്നും മനസ്സിലായവൾ പിശാചിന്റെ ശബ്ദം അവഗണിച്ച് ഒരു ഗ്രാമവാസികളെ മുഴുവൻ ഗുരുവിന്റെ അടുക്കലെത്തിച്ചു. ഇവർ ആത്മീയ വളർച്ച പ്രാപിച്ച് യേശുവിൽ വിശ്വസിച്ചു.

രണ്ടാമതായി ആത്മീയ വളർച്ച രോഗസൗഖ്യത്താൽ ലഭ്യമാകുന്നു. 2 രാജ:(5:3-17)ൽ നയമാൻ എന്ന ഒരു കുഷ്ഠരോഗിയായ ഒരു സേനാപതിയെ കാണാം. ഈ രോഗമാണ് അടിമപ്പെൺകുട്ടിയുടെ വാക്ക് കേട്ട് എലീശയുടെ അടുക്കലെത്തുവാൻ കാരണമായത്. ആത്മീയ വളർച്ചക്കത്യാവശ്യമായ ഘടകം അനുസരണമാണ്. ആദ്യം അനുസരിക്കുവാൻ മടിച്ചവൻ പിന്നെ അനുസരിച്ചപ്പോൾ കുഷ്ഠം മാറുക മാത്രമല്ല , അവന്റെ ദേഹം ചെറിയ ബാലന്റെ ദേഹം പോലെയായി. ഈ അവസ്ഥ അവന്റെ ആത്മീയ ചിന്തയെ ശൂന്യതയിൽ നിന്നും ഉയർത്തി. യിസ്രായേലിൽ ഒരു ദൈവമുണ്ടെന്നും അവനു മാത്രമേ യാഗം കഴിക്കുകയുള്ളൂ എന്നും തീരുമാനം എടുക്കുവാൻ കഴിഞ്ഞു. ഇപ്രകാരം യഹോവയല്ലാതെ ആരെയും നമസ്ക്കരിക്കുകയില്ല എന്ന് ഇന്ന് നിങ്ങൾക്ക് പറയുവാൻ കഴിയുമോ?

മൂന്നാമതായി അപ്പന്റെ അടുക്കൽ നിന്നകന്നുപോയ മകനും (ലൂക്കോ:15:11-32) , ചുങ്കക്കാരിൽ പ്രമാണിയായ സക്കായിയേയും (ലൂക്കോ:19:1-10) നോക്കാം. ഇവർ ആത്മീക വളർച്ച മുരടിച്ചവരാണ്, ലോകത്തെ സ്നേഹിക്കുന്നവരാണ്. സാമ്പത്തീക തകർച്ച വന്നവൻ സുബോധം വന്നപ്പോൾ '2'കാര്യങ്ങൾ മനസ്സിലാക്കി. സമൃദ്ധിയിലേ സുഹൃത്തുക്കൾ ഉള്ളൂ എന്നും , ഏതവസ്ഥയിലും സ്നേഹിപ്പാനും സംരക്ഷിപ്പാനും കഴിയുന്നത് അപ്പന് മാത്രമാണെന്നും , എന്നാൽ ധനം സമ്പാദിച്ച മാർഗ്ഗം സക്കായിയെ എല്ലാവരിൽ നിന്നും അകറ്റിയപ്പോഴാണ് അവന് സുബോധം വന്നത് . മകൻ അപ്പനെ കാണുവാനാഗ്രഹിച്ച് അടുക്കൽ ചെന്നപ്പോൾ , സക്കായി യേശു കാണാതെ , യേശുവിനെ കാണുവാൻ അത്തിമരത്തിന്റെ ഇലകൾക്കിടയിലൊളിച്ചു. സ്നേഹത്തിന്റെ വാക്കുകൾ അവരുടെ രണ്ടുപേരുടേയും ആത്മീക മുരടിപ്പ് മാറ്റി. അപ്പൻ മകനെ സ്വീകരിച്ചപ്പോൾ യേശു സക്കായിയുടെ വീട്ടിൽ പാർക്കാനെത്തി. ആത്മീക വളർച്ച ഉണ്ടായപ്പോൾ ആ ഭവനങ്ങളിൽ ആത്മീക സന്തോഷമുണ്ടായി.

കുഞ്ഞുങ്ങളേ! പലപ്പോഴും പെയ്ത മഴ കുടിച്ചിട്ട് ഭൂമി കൃഷി ചെയ്യുന്നവർക്ക് നല്ല സസ്യാദികളെ മുളപ്പിച്ച് അനുഗ്രഹിക്കപ്പെടാതെ മുള്ളും ഞെരിഞ്ഞിലും മുളപ്പിച്ചാൽ അത് ശാപത്തിനടുത്തത് ആകുന്നു. ചുട്ടുകളക അത്രേ അതിന്റെ അവസാനം. ഈ അവസ്ഥ വരാതെ ആത്മീയ വളർച്ച പ്രാപിപ്പാൻ ദൈവം ഇടയാക്കട്ടെ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind